**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി തടയുന്നതിന് എത്ര ഐസൊലേഷൻ വാർഡുകൾ പുതിയതായി സ്ഥാപിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | പകർച്ചവ്യാധി പ്രതിരോധത്തിന് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ ബ്ലോക്കിനു പുറമെ ആരോഗ്യ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ 13 അസംബ്ലി മണ്ഡലങ്ങളിലെ 13 ആരോഗ്യ സ്ഥാപനങ്ങളിൽ എെസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട് |
| (ബി) | പുതുതായി സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ പുതുതായി സ്ഥാപിക്കുന്ന എെസൊലേഷൻ വാർഡുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു 1) വടകര - സി.എച്ച്.സി. ഓർക്കാട്ടേരി 2) കുറ്റിയാടി - സി.എച്ച്.സി. കുന്നുമേൽ 3) നാദയപുരം - സി.എച്ച്.സി. വളയം 4) കൊയിലാണ്ടി - സി.എച്ച്.സി. മേലടി 5) പേരാമ്പ്ര - താലൂക്ക് ആശുപത്രി, പേരാമ്പ്ര 6) ബാലുശ്ശേരി - സി.എച്ച്.സി. കുരാച്ചുണ്ട് 7) ഇലത്തൂർ - സി.എച്ച്.സി. തലകുളത്തൂർ 8) കോഴിക്കോട് - ഗവ. ഡർമറ്റോളജി നോർത്ത് ആശുപത്രി 9) കോഴിക്കോട് - മാനസികാശുപത്രി, സൗത്ത് കോഴിക്കോട് 10) ബേപ്പൂർ - സി.എച്ച്.സി. ചെറുവണ്ണൂർ 11) കുന്നമംഗലം - സി.എച്ച്.സി. ഒളവണ്ണ 12)കൊടുവള്ളി - സി.എച്ച്.സി. കൊടുവള്ളി 13)തിരുവമ്പാടി - സി.എച്ച്.സി. മുക്കം 14)കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് |
| (സി) | ഓരോ യൂണിറ്റിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തയ്യാറാക്കിയ പ്രാഥമിക പദ്ധതി രേഖ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള 13 ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനത്തിലെ ഐസൊലേഷൻ യൂണിറ്റിന് 1.79 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ എെസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | വിശദ പദ്ധതി രേഖ പൂർത്തിയായതിനു ശേഷം മാത്രമേ ഇതിനായി എത്ര രൂപ ചെലവാകും എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ